**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1810** **19-01-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ടൂറിസ്റ്റ് ബസ് ഉടമകൾ നേരിടുന്ന പ്രതിസന്ധി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് വ്യാപനത്തെ തുടർന്ന് സർവ്വീസ് നിർത്തിവച്ച സ്വകാര്യ ടൂറിസ്റ്റ് ബസ് ഉടമകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (എ) | കോവിഡ് വ്യാപനത്തെ തുടർന്നുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനായി കോൺട്രാക്ട് കാരേജ് വിഭാഗത്തിൽപ്പെട്ട സ്വകാര്യ ടൂറിസ്റ്റ് ബസുകൾക്ക് 01.04.2020 തുടങ്ങുന്ന ക്വാർട്ടറിലെ 20% നികുതിയും (G.O(P)No.13/2020/Trans dated 23.03.2020) 01.07.2020 – ൽ തുടങ്ങുന്ന ക്വാർട്ടറിലെ മുഴുവൻ നികുതിയും (G.O(P) No.45/2020/Trans dated 27.08.2020) 01.10.2020 – ൽ തുടങ്ങുന്ന ക്വാർട്ടറിലെ 50% നികുതിയും (G.O(P) No.60/2020/Trans dated 06.11.2020) ഒഴിവാക്കി നൽകിയിട്ടുണ്ട്. കൂടാതെ 01.01.2021 – ൽ തുടങ്ങുന്ന ക്വാർട്ടറിലെ നികുതി അടയ്ക്കുന്നതിനുള്ള സമയം 31.03.2021 വരെ (G.O(P) No.2/2021/Trans dated 07.01.2021) നീട്ടി നൽകിയിട്ടുണ്ട്. |
| (ബി) | ഈ മേഖലയുടെ അതിജീവനത്തിനുവേണ്ടി സംസ്ഥാനത്തെ പൊതുമേഖല ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സാമ്പത്തിക പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സാമ്പത്തിക പാക്കേജ് അനുവദിക്കുന്നതിനുള്ള പദ്ധതികളൊന്നും ഗതാഗത വകുപ്പിൽ നിലവിലില്ല. |
| (സി) | വിനോദസഞ്ചാരമേഖലകൾ സജീവമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ മോട്ടർ വാഹന നികുതിയിൽ ഇളവ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ